# മഹാത്മാക്കൾ  തിരസ്ക്കരിക്കപ്പെടുമ്പോൾ....

**വാസുദേവ് പുളിക്കൽ**

മഹാത്മാക്കൾ ലോകത്തിനു നൽകിയ മഹത്തായ സംഭാവനകളുടെ അടിസ്ഥാനത്തിൽ അവർ ആദരിക്കപ്പെടുന്നോ തിരസ്കരിക്കപ്പെടുന്നോ? ജനക്ഷേമത്തിനായി ജീവിതം അർപ്പിക്കുമ്പോഴാണ് മഹാത്മാക്കൾ ജന്മമെടുക്കുന്നത്. തത്വങ്ങൾ മനസ്സിലാക്കുകയും അവയൊക്കെ ജീവിതത്തിൽ പ്രായോഗികമാക്കുകയും ചെയ്തതിനു ശേഷം മാത്രം ജനങ്ങളിലേക്ക് പകർന്നു കൊടുക്കുന്നവരാണ് മഹാത്മാക്കൾ അല്ലെങ്കിൽ ആചാര്യന്മാർ. വ്യാസനും യേശുദേവനും ബുദ്ധനും നബിയും സോക്രട്ടീസും മഹാത്മഗാന്ധിയും നാരായണഗുരുവുമൊക്കെ ഈ ഗണത്തിൽ ഉൾപ്പെടുന്ന മഹാത്മാക്കളാണ്. അവരെല്ലാം തന്നെ ഒരുവിധത്തിൽ അല്ലെങ്കിൽ മാറ്റൊരു വിധത്തിൽ തിരസ്കരിക്കപ്പെട്ടവരാണ്, പരാജയം ഏറ്റു വാങ്ങിയവരാണ്,. മഹാത്മാക്കളുടെ മഹത്വമറിയാത്തവർക്ക് അവരെ അവഗണിക്കാനല്ലാതെ ബഹുമാനിക്കാൻ സാധിക്കുകയില്ല. മഹാത്മാക്കളുടെ വിജയത്തിൻെറയും പരാജയത്തിൻേറയും ചരിത്രം പരിശോധിക്കുന്നത് വേദനാജനകമാണ്.  മഹാന്മാക്കളുടെ ജനങ്ങളെ നന്നാക്കാനുള്ള ശ്രമം വൃഥാവിലായി എന്നു പറഞ്ഞാൽ ഒരുപക്ഷെ അതൊരു ആക്ഷേപമായി തോന്നിയേക്കാം. എന്നാൽ തിരസ്ക്കരിക്കപ്പെട്ട മഹത്തുക്കളുടെ ജീവിതസത്യത്തിനു നേരെ കണ്ണടക്കാൻ സാധിക്കുകയില്ലല്ലൊ.

ലോകക്ഷേമത്തിനായി ഇനി മറ്റൊരു മഹാത്മാവ് അവതരിക്കണമെന്നാണോ? കാലത്തിൻെറ ചക്രവാള സീമയിൽ വിരിഞ്ഞു വന്ന ഈ അവതാരങ്ങളുടെ ലക്ഷ്യം വ്യർത്ഥമായെങ്കിൽ ഭാവിയിൽ മറ്റൊരു അവതാരം ജന്മമെടുത്താലും സ്ഥിതിഗതികൾക്ക് മാറ്റമൊന്നും സംഭവിക്കാൻ പോകുന്നില്ല. ജീവിതത്തിൽ ആചരണത്തേയും പ്രചാരണത്തേയും വാക്കിനേയും പരമമായ ഏകത്വത്തേയും സുന്ദരമായി സമ്മേളിപ്പിക്കുന്നവരാണ് അവതാരങ്ങൾ. രാഷ്ട്രീയക്കാർ സാഹചര്യത്തിനൊത്ത് നയങ്ങൾ മാറ്റുകയും രാഷ്ട്രീയകക്ഷികളുടെ ശബ്ദത്തിനു പകരം അവർ ഉൾപ്പെടുന്ന സമുദായത്തിൻെറ  മാത്രം ശബ്ദം കേൾപ്പിക്കുകയും ചെയ്യുന്നതുപോലെ മഹാത്മാക്കളെ പരാജയപ്പെടുത്താൻ പുതിയ ജനത സങ്കീർണ്ണങ്ങളായ  പുത്തൻ പദ്ധതികളൊരുക്കും. ദുഃഖിതരായിരുന്നു മഹാന്മാർ. അവരുടെ വിലാപത്തിൻെറ മാറ്റൊലി അന്തരീക്ഷത്തിൽ പ്രതിധ്വനിക്കുന്നു. ഞാൻ എത്ര ശ്രമിച്ചിട്ടും ജനങ്ങൾ യഥാർത്ഥ്യം മനസ്സിലാക്കിയില്ലല്ലൊ എന്ന് വ്യാസൻ തലയിൽ കൈ വെച്ചു കരഞ്ഞു. കൃഷ്ണനിലൂടെ ധർമ്മസ ംസ്ഥാപനത്തിനായുള്ള വ്യാസൻെറ സമീപനത്തെ വിമർശനാത്മകമായി വ്യാഖ്യാനിക്കുന്നവർ നിരവധി. സർവ്വവും നശിപ്പിച്ചിട്ടാണോ ധർമ്മസംസ്ഥാപനം ഏന്നാണ് അവരുടെ ചോദ്യം. അർജ്ജുനൻ ശിഖണ്ഡിയെ മുന്നിൽ നിർത്തി യുദ്ധം ചെയ്ത് ഭീഷ്മപിതാമഹനെ ശരശയ്യയിൽ കിടത്തിയതും, ധൃഷ്ടിധ്യൂമ്നനെക്കൊണ്ട് ദ്രോണാചാര്യരുടെ തല കൊയ്യിക്കാൻ യുധിഷ്ടിരൻ  കള്ളം പറയാതെ പറഞ്ഞതിലെ ചതിയും, രഥയുദ്ധനീതി പാലിക്കാതെ കർണ്ണൻെറ നേരെ അസ്ത്രം പ്രയോഗിക്കാൻ അർജ്ജുനനെ പ്രേരിപ്പിച്ചതും, ഗദായുദ്ധത്തിൽ അജയ്യനായ ദുര്യോധനനെ തോൽപ്പിക്കാൻ  ദുര്യോധനൻെറ തുടക്കടിക്കാൻ ഭീമനു ആംഗ്യഭാഷയിൽ നിർദ്ദേശം നൽകിയതും, ദുര്യോധനൻെറ തുടകൾ ബലഹീനമാകാനുള്ള തന്ത്രമൊരുക്കിയതും അങ്ങനെ കുതന്ത്രങ്ങളിലൂടെ മഹാഭാരത യുദ്ധം ജയിച്ചതിലുള്ള ന്യായീകാരണ് വിമർശകർ ആവശ്യപ്പെടുന്നത്.

‘ലക്ഷ്യത്തിലെത്തുന്നതിലല്ല
കാഴ്ചകൾ കാണുന്നതിലാണെനിക്കാനന്ദം.‘

ഏന്ന് കവി പറഞ്ഞതു പോലെയാണ് ഈ വിമർശകരും. ലക്ഷ്യത്തിൻെറ മഹത്വത്തിൽ മാർഗ്ഗം അപ്രസക്തമാണെന്ന് അവർ ചിന്തിക്കുന്നില്ല. അതുകൊണ്ട് വ്യാസനെ അവർ മനസ്സിലാക്കിയില്ല. വ്യാസൻ തിരസ്ക്കരിക്കപ്പെട്ടു.

ആധുനികതയിലും വായനക്കാർ പ്രത്യേകിച്ച നിരൂപകർ എഴുത്തുകാരൻ പ്രകടിപ്പിക്കുന്ന ആശയഗതിയുടെ അന്തർഭാവവും രചനയുടെ സ്വഭാവവും മനസ്സിലാക്കാനുള്ള വൈഭവം ഇല്ലാതെ വരുമ്പോൾ ഉപരിപ്ലവതയിലൂടെ സഞ്ചരിച്ച് എഴുത്തുകാരെ പരിഹസിക്കുന്ന പ്രവണത കാണുന്നുണ്ട്. ഈ ദോഷം കൂട്ടതൽ കാണുന്നത് അമേരിക്കൻ മലയാളി നിരൂപകരിലാണ്. പരിഹാസം നിരൂപണമല്ല, എഴുത്തുകാരോടുള്ള വൈരാഗ്യം തീർക്കലാണ്. അമേരിക്കൻ മലയാളസാഹിത്യ രംഗത്ത് നിരൂപണശഖയേ ഇല്ലെന്ന് വിളംബരം ചെയ്യുന്നതു പോലെ ആരോപണം  ഉയർന്നു കൊണ്ടിരിക്കുമ്പോൾ നിരൂപകർ എഴുത്തുകാരനോടുള്ള വ്യക്തിപരമായ വൈരാഗ്യം തീർക്കാനായി നിരൂപണസാഹിത്യത്തിൻെറ നിലവാരം താഴ്ത്തിക്കളയുന്ന വിധത്തിൽ നിരൂപണമെഴുതുന്നത് ആ ശാഖയെ അധഃപതിപ്പിക്കുകയേയുള്ളൂ. രചനകൾക്ക് സാഹിത്യപരമായും ആവിഷ്ക്കാരപരമായും ആശയപരമായും മറ്റും വൈവിധ്യങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്.  ആ വൈവിധ്യങ്ങളുടെ ഇടയിൽ നിന്നുകൊണ്ട്, സ്വന്തം വ്യക്തിത്വത്തിനു തന്നെ പോറലേൽപ്പിക്കുന്ന വിധത്തിൽ  പരിഹാസത്തിലേക്ക് ചാഞ്ഞു പോകാതെ, രചനയുടെ ഗുണദോഷങ്ങൾ ചൂണ്ടിക്കാണിക്കുന്നതിലാണ് നിരൂപണത്തിൻെറ മഹത്വമിരിക്കുന്നത്. ഇതിഹാസത്തിലെ

ഒരു ശ്രേഷ്ഠവനിത എന്ന പദവിയുള്ള പാഞ്ചാലിയുടെ മനസ്സിൽ കിളർത്ത അഹങ്കാരം മൂലമാണ്  ഇന്ദ്രപ്രസ്ഥത്തിൽ ദുര്യോധനനേയും സ്വയംവരവേളയിൽ കർണ്ണനേയും പരിഹസിച്ചത് എന്ന് ആരെങ്കിലും ചൂണ്ടിക്കാണിച്ചാൽ പാഞ്ചാലിപ്രേമികളായ നിരൂപക യഥാസ്ഥികർ വൈചാരികതയുടെ തലത്തിൽ നിന്നും തെന്നി മാറി വൈകാരികതയുടെ തലത്തിലൂടെ സഞ്ചരിച്ച് കലശൽ കൂട്ടി എഴുത്തുകാരനെ അധിക്ഷേപിച്ചെന്നിരിക്കും. ഇതൊക്കെ നിരൂപകരുടെ വീക്ഷണത്തിലുള്ള അപക്വതയായി കണക്കാക്കാം.

ദിവ്യാത്മാക്കളുടെ കൂട്ടത്തിൽ യേശുദേവനുണ്ടായ തിരസ്ക്കാരത്തിൻെറ മാറ്ററുരച്ചു നോക്കാനുള്ള ചാണക്കല്ല് ഇതു വരെ  കണ്ടു പിടിക്കപ്പെട്ടിട്ടില്ല. യേശുവിനെ വേണോ ബറാബസിനെ വേണോ എന്ന ചോദ്യത്തിൻെറ പ്രതികരണത്തിൽ ലോകജനത ഇപ്പോഴും സ്തംഭിച്ചു നിൽക്കുന്നു. അത് യൂദാസിനേയും തളർത്തിക്കാണും. യേശുദേവൻെറ പതനമാണ് യൂദാസ് ആഗ്രഹിച്ചിരുന്നതെങ്കിൽ ജനങ്ങളുടെ ഹർഷാരവത്തിൽ യുദാസ് സന്തോഷം കൊണ്ട് മതിമറക്കുമായിരുന്നു.  എന്നാൽ, യുദാസ് ദുഃഖത്തിൻെറ ആഴക്കടലിൽ ആഴ്ന്നു പോവുകയാണ് ചെയ്തത്. യേശുദേവന് കുരുശിൽ കരയാൻ ഇടയായല്ലോ എന്ന  ദുഃഖമാണ് യൂദാസിനെ ദുർബ്ബലനാക്കിയത്. യേശുദേവൻെറ ആത്മപ്രഭയിൽ ഉത്തേജിതനായ യൂദാസിന് വിരോധികളുടെ മനം മാറ്റാനും അവരെ    സ്വന്തം വഴിയിലേക്ക് കൊണ്ടുവരാനും യേശുദേവന് സാധിക്കുമെന്ന് ആത്മവിശ്വാസം ഉണ്ടായിരുന്നിരിക്കണം. യേശുദേവൻെറ ദിവ്യത്വവും ഉൾവിളിയും ആ ജ്ഞാനശ്രോതസ്സിലൂടെ ഒഴുകിവന്ന വാക്കുകൾ ഈശ്വര ചൈതന്യത്തിൽ സ്ഫുടം ചെയ്തെടുത്തതാണെന്നും യറുശലേമിലെ മതാധിപന്മാർക്ക് മനസ്സിലായില്ല. രക്ഷകനായി മുന്നിൽ പ്രത്യക്ഷപ്പെട്ട യേശുവിനെ അവർ കാർക്കിച്ചു തുപ്പിയത് അഹങ്കാരം കൊണ്ടു തന്നെ. അഹങ്കാരം വിജ്രംഭിച്ചിരിക്കുമ്പോൾ സത്യം അകന്ന് പോകുന്നു. സത്യത്തെ പുൽകാൻ അഹങ്കാരം തണുത്ത് മനസ്സ് പ്രശാന്തമാകണം. യൂദാസിന് അവരുടെ അഹങ്കാരത്തിൻേറയും ഗൂഢോദ്ദേശ്യത്തിൻേറയും ആഴമളക്കാൻ സാധിച്ചില്ല.   .യേശുദേവനെ തള്ളിപ്പറഞ്ഞവർ ഇന്നും അവരുടെ രിക്ഷകനെ കാത്തിരിക്കുന്നു. ഒരിക്കൽ അവതരിച്ച രക്ഷകനെ അംഗീകരിക്കാൻ അവരുടെ അഹംഭാവം സമ്മതിച്ചില്ല. യേശുദേവൻെറ പതനത്തിന് യൂദാസ് കാരണക്കാരനായി ഭവിച്ചു. തന്നെ ശിഷ്യന്മാരിലൊരാൾ ഒറ്റിക്കൊടുക്കുമെന്ന് യേശുദേവൻ അവസാന അത്താഴ മുഹൂർത്തത്തിൽ പറയുകയും ആ ശിഷ്യൻ യൂദാസാണെന്ന്  യേശുദേവൻ തന്നെ പ്രകടമാക്കുകയും ചെയ്തപ്പോൾ മറ്റു ശിഷ്യന്മാർ യൂദാസിനെ വെറുത്തു. കുറ്റാരോപിതനായി ഇറങ്ങിപ്പോയ യൂദാസിൻെറ ആത്മഗതം, "ഇല്ല ഞാൻ ഒരിക്കലും അങ്ങയെ ഒറ്റിക്കൊടുക്കുകയില്ല, മറിച്ച് അങ്ങേക്ക് ജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ട് സത്യം വെളിപ്പെടുത്താനുള്ള അവസരം ഒരുക്കുമെന്നായിരുന്നിരിക്കാം." കാരണം ഗുരുക്കന്മാർ ആദരിക്കപ്പെടുന്നതും അവരുടെ മഹത്വം വാഴ്ത്തപ്പെടുന്നതും ശിഷ്യന്മാരിലൂടെയാണ്. എന്നാൽ, ഇവിടെ യുദാസ് വില്ലൻെറ സ്ഥനത്ത് അവരോധിക്കപ്പെട്ടു. വില്ലനിൽ വർഷിക്കപ്പെടുന്നത് സ്നേഹമല്ല, വെറുപ്പും വിദ്വേഷവുമാണ്. യൂദാസിനെ ഒറ്റുകാരനായി  യേശുദേവൻ തന്നെ ചൂണ്ടിക്കാണിച്ച സ്ഥിതിക്ക് യൂദാസ്സിന് വില്ലൻെറ സ്ഥാനത്തു നിന്ന് മോചനമില്ല. മുപ്പതു വെള്ളിക്കാശിൻെറ പ്രലോഭനം പാപത്തിൻെറ അടയാളമായി യൂദാസിനോട് ചേർത്തുവച്ചപ്പോൾ  വില്ലൻെറ സ്ഥാനം ഉറപ്പായി. ഗുരുവിനൊപ്പം താനുമെന്ന ചിന്തയായിരിക്കാം തൻെറ ഉദ്യമത്തിൽ പരാജയപ്പെട്ട യുദാസിനെ മരണക്കയറിലെത്തിച്ചത്. യേശുദേവൻെറ കുരിശാരോഹണ സമയത്തെ യുദാസിൻെറ മാനസിക സമ്മർദ്ദം എന്തായിരുന്നുവെന്ന് യുക്തിപൂർവ്വം വിശകലനം ചെയ്യുന്നത് പല കണ്ടെത്തലുകൾക്കും വഴിയൊരുക്കിയേക്കാം. കൂടുതൽ നികൃഷ്ടത കാണേണ്ടത്  യേശുദേവനെ കുരുശിൽ കരയിച്ച തികച്ചും മൂല്യശോഷണം സംഭവിച്ച, ജനസമൂഹത്തിലാണ്.  ദൈവമേ തങ്ങൾ എന്താണ് ചെയ്യുന്നതെന്ന് അറിവില്ലാത്ത ഈ പാവങ്ങൾക്ക് മാപ്പ് കൊടുക്കണേ എന്ന് പ്രാർത്ഥിച്ച് ചരമം പൂകിയ, മഹത്വത്തിൻെറ മൂർത്തിയായ യേശുദേവവനും തിരസ്ക്കാരത്തിൻെറ വലയിൽ കുടുങ്ങിപ്പോയി.

സഹോദരി സഹോദരങ്ങളായിരിക്കേണ്ട ഹിന്ദുക്കളും മുസ്ലിങ്ങളും നേർക്ക് നേർ കഠാരി ഉയർത്തിയത് ഗാന്ധിജിക്ക് അസഹനീയമായിരുന്നു. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന ബ്രിട്ടീഷ് ഭരണനയത്തിൻെറ പരിണിത ഫലമായിരുന്നു ഹിന്ദു-മുസ്ലിം ലഹള എന്ന് ആരോപിക്കുന്നതിനേക്കാൾ യുക്തം ഭാരതീയ സാഹോദര്യ ഭാവത്തിന് മങ്ങലേറ്റു എന്ന് സമ്മതിക്കുന്നതായിരിക്കും. ഒരു സംസ്കാരത്തിൽ അടിഞ്ഞു കൂടിയ തിന്മയുടേയും ഹിംസാത്മകതയുടേയും മനുഷ്യവിരുദ്ധതയുടേയും അടയാളമായി ഹിന്ദു-മുസ്ലിം ലഹളയുടെ അലകൾ ഭാരതീയാന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്നു. ഒരു ഹിന്ദുവായും ക്രിസ്ത്യാനിയായും മുസ്ലിമായും ജീവിച്ച ഗാന്ധിജിയുടെ മനസ്സിൽ മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന ആദർശം നിരന്തരം പ്രധിധ്വനിച്ചിരുന്നു എന്നു വേണം കരുതാൻ. ആ ഹൃദയത്തിൻെറ വിശാലത കാണാൻ തീവ്രവാദികൾക്ക് സാധിച്ചില്ല. അവർ മറ്റൊരു ഗന്ധിക്ക് ജന്മം കൊടുത്തു. ഗാന്ധിജിയുടെ നെഞ്ചിലേക്ക് നിറയൊഴിച്ച നാഥുറാം  അവർക്ക് പുതിയ ഗാന്ധി. ഗാന്ധിജിയുടെ സ്ഥാനത്ത് അവർ കൊലയാളിയെ പൂജിക്കുന്നു. നൂൽ നൂൽക്കുന്ന ഗാന്ധിജിയുടെ സ്ഥാനത്ത് മോദി. അതുകണ്ട് രസിക്കുന്നവർ ഇൻഡ്യക്കു ശാപം. എവിടേയും തിരസ്ക്കരിക്കപ്പെടുന്ന മഹാത്മാവ്. അഹിംസയുടെ മന്ത്രങ്ങളോതിത്തന്ന ഗാന്ധിജിയെ   തന്നെ   ഹിംസിച്ചു, സ്നേഹം മനസ്സിൽ നിന്ന് അപ്രത്യക്ഷമാകുമ്പോൾ സ്നേഹത്തിൽ അധിഷ്ടിതമായ തത്വസംഹിതകളും നിഷ്പ്രഭമാകുന്നു. അവ പറഞ്ഞു തന്ന മഹാന്മാർ പരാജയപ്പെടുന്നു. ഹിന്ദു

മുസ്ലിം മൈത്രി കാണാൻ ആഗ്രഹിച്ച ഗാന്ധിജി ഹിന്ദു-മുസ്ലിം വിരോധത്തിൻെറ മദ്ധ്യത്തിൽ മരണത്തിലൂടെ പരാജയം ഏറ്റുവാങ്ങി. ഗാന്ധിജിയുടെ പരാജയം സൂചിപ്പിക്കുന്നത് ഒരു രാഷ്ട്രത്തിൻെറ പരാജയമാണ്. എല്ലാമതങ്ങളും അനുഭൂതിനിഷ്ഠമാണെന്നു മനസ്സിലാക്കാതെ ഇൻഡ്യയുടെ ഭൂതകാലചരിത്രത്തിന് കളങ്കം വരുത്തിയ മതയുദ്ധങ്ങൾ തുടരാതിരിക്കണമെങ്കിൽ 'പൊരുതു ജയിപ്പതസാദ്ധ്യമൊന്നിനോടൊന്നൊരു മതവും പൊരുതാലൊടുങ്ങിവീല ' എന്നറിയണം.

മഹാനായ ഗുരു എന്ന് റൊമയൻ റൊളണ്ട് വിശേഷിപ്പിച്ച നാരായണഗുരുവും അനുയായികളാൽ അവഗണിക്കപ്പെട്ടു. കേരളീയ നവോത്ഥാനത്തിൻെറ പ്രമുഖ സ്ഥാനത്തു നിൽക്കുന്ന നാരായണഗുരു സമൂഹോദ്ധാരണത്തിന് അശ്രാന്തം പരിശ്രമിച്ചു. സാമൂഹ്യപ്രരിഷ്ക്കരണത്തിൽ മതപരിഷ്ക്കരണങ്ങളും ജാതിവിരുദ്ധ സമരങ്ങളും ഉൾച്ചേർന്നിരുന്നു. ജാതിവിരുദ്ധതയുടെ ആശയപ്രചാരണത്തിനായി ശക്തമായ സാമൂഹ്യ പ്രസ്ഥാനമായാണ് എസ്. എൻ. ഡി. പി. യോഗം നാരായണഗുരു വിഭാവന ചെയ്തത്. സമുദായിക രഷ്ട്രീയ ഭിത്തികളെ ഉല്ലംഘിക്കുന്ന ഭാരതീയ സസ്കൃതിയുടെ നിറം കലർത്തിയാണ് നാരായണഗുരു എസ്, എൻ. ഡി. പി. യോഗത്തിന് ജന്മം നൽകിയതെങ്കിലും അപഥസഞ്ചാരികളായ യോഗനേതാന്മാർക്ക് ആ പേരിനെ അന്വർത്ഥമാക്കാൻ സാധിച്ചില്ല. ഗുരു വിഭാവന ചെയ്ത പുത്തൻ മാനവികതയെ നിഷേധിച്ചു കൊണ്ട് തങ്ങൾക്ക് താഴെയുള്ള സമൂഹത്തോട് വരേണ്യവർഗ്ഗം തങ്ങളോട് കാണിച്ച അതേ വിമുഖതയും ദാർഷ്ട്യവും പ്രകടമാക്കിയപ്പോൾ യോഗം ജാതിവിരുദ്ധദൗത്യത്തെ നിഷ്പ്രഭമാക്കി. തൻെറ ആശയങ്ങളെ നിഷേധിച്ചുകൊണ്ടുള്ള യാഥാസ്ഥികത യോഗത്തിൽ പ്രബലമായപ്പോൾ ഗുരുവിന് യോഗം വിട്ടു പോകേണ്ടി വന്നു. ഗുരുവിനോടുള്ള തിരസ്ക്കാരത്തിൻെറ മൂർദ്ധന്യാവസ്ഥയിലാരിക്കണം ഗുരു ക്രേരളം തന്നെ ഉപേക്ഷിച്ച് ശ്രീലങ്കയിൽ സ്ഥിരമായി താമസിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചത്. പട്ടിയേയും ചണ്ഡാളനേയും ഒരു പോലെ കാണണമെന്ന ഗീതാവചനം അന്വർത്ഥമാക്കി ജനങ്ങളെ മനുഷ്യാഐക്യത്തിൻെറ സോപാനത്തിലേക്ക് നയിച്ച ഗുരുവിൻെറ അനുയായികൾ ഗുരുവിനെ മനസ്സിലാക്കാതെ വന്നപ്പോൾ തൻെറ അനുയായികളിൽ നിന്ന് തന്നെ രക്ഷിക്കണേ എന്ന് കരഞ്ഞുകൊണ്ട് ഗുരു ജന്മനാട് വിട്ടുപോയതിൽ എന്താണത്ഭുതം. ഇപ്പോഴും പ്രസ്ഥാനത്തിന് ചുക്കാൻ പിടിക്കുന്നവർ രാഷ്ട്രീപ്പാർട്ടികളുടെ ഭാഗമായിക്കൊണ്ട് ഉന്നയിക്കുന്ന പ്രശ്നം സ്വന്തം സമൂദയത്തിൻേറതു മാത്രമാണ്.. നാരായണഗുരു ദൈവദശകട്ടിൽ ദൈവത്തെ ദയാസിന്ധോ എന്ന് വിളിക്കുന്നു. ഒരു അദ്വൈതിയുടെ ജ്ഞാനത്തിൽ നിന്ന് ദയയിലേക്കുള്ള സംക്രമണമാണിത്. ദയാപരനായ കർത്താവേ എന്ന് ക്രിസ്ത്യാനികളൂം പ്രാർത്ഥിക്കുന്നു. സർവ്വജീവജാലങ്ങളോടു ഒരു പോലെ ദയയും സ്നേഹവും പ്രകടിപ്പിക്കുന്ന ഒരു സന്യാസിയായിരിക്കണം ഒരു ആശ്രമത്തിൻെറ നേതാവായിരിക്കേണ്ടത് എന്ന നാരായണഗുരുവിൻെറ അഭിമതത്തിന് വിപരീതമായാണ് ശിവഗിരി ആശ്രമത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഗുരു സ്ഥാപിച്ച സന്യാസി സംഘവും ഗുരുവിനെ നിരാശപ്പെടുത്തി. സന്യാസിമാരുടെ ആദർശപരവും ആത്മീയപരവുമായ വീഴ്ചകൾ അവർ ഗുരുവിനെ അവഗണിക്കുന്നതിന് തുല്യമായി.

നന്മയിൽ കടഞ്ഞെടുത്ത മനസ്സുമായാണ് മുസ്ലിങ്ങൾ മറ്റു മതങ്ങളെ സമീപിക്കേണ്ടതെന്ന് മുഹമ്മദ് നബി ഖുറാൻ അടിസ്ഥാനമാകി ഉൽഘോഷിക്കുന്നു. നിങ്ങളുടെ മതം നിങ്ങൾക്ക് എൻെറ മതം എനിക്ക് എന്ന് ഖുറാനിൽ പറഞ്ഞിരിക്കുന്നതിൻെറ പൊരുളറിയുന്നവർക്ക് മതസഹിഷ്ണതയെ പറ്റി പ്രത്യേകം പറഞ്ഞു കൊടുക്കേണ്ടതില്ല. മുഹമ്മദ് നബിയുടെ ജീവിതത്തിലേക്ക് നോക്കിയാൽ മതസഹിഷ്ണത എന്തെന്ന് ബോധ്യമാകും.

ജനങ്ങളെ വഴി തെറ്റിക്കുന്നു എന്നു സോക്രട്ടിസിൽ ആരോപിക്കപ്പെട്ട കുറ്റം അദ്ദേഹത്തിൻെറ വിഷപാനത്തിൽ കലാശിച്ചു. എന്നെ സമീപിച്ചവരോടാണ് ഞാൻ സംസാരിച്ചത് എന്ന സോക്രട്ടീസിൻെറ വാക്കുൾ അധികാരികൾക്ക് സമ്മതമായില്ല. പരസ്പരം കലഹിക്കാനല്ല ബുദ്ധമതം സ്ഥാപിതമായത്. ബുദ്ധഭിക്ഷുക്കളുടെ കലഹം കണ്ട് ദുഃഖിതനായാണ് ഗൗതമബുദ്ധനും നിർവ്വാണം പ്രാപിച്ചത്.

വ്യാസനും യേശുദേവനും ബുദ്ധനും സോക്രട്ടിസും ഗാന്ധിജിയും നാരായണഗുരുവുമൊക്കെ അന്തിമനാളുകളിൽ വിഷാദഭരിതരായിരുന്നു. വ്യക്തിപരമായുണ്ടായ വിരോധമല്ല, അവരുടെ സന്ദേശങ്ങളുടെ തിരസ്ക്കാരമാണ് അവരെ വേദനിപ്പിച്ചത്. മഹാന്മാരുടെ തിരസ്ക്കാരം ലോകാധഃപതനത്തിന് വഴി തെളിക്കും. മഹാന്മാരെ അന്ത്യകാലത്ത് അലട്ടിയിരുന്ന വ്യഥയുടെ കാരണങ്ങളെപറ്റിയും അതിന് ഇന്നുള്ള പ്രസക്തിയെപറ്റിയും ഒരു പുനഃപരിശോധന നടത്തി വിശകലനം ചെയ്യുന്നതുകൊണ്ട് ആ മഹത്മാക്കളുടെ തത്വപ്രചാരണം നടത്താൻ പാകത്തിന് ധൈഷണികതയും മഹത്ത്വവും ഉള്ളവർ ഉണ്ടായെന്നു വരാം. ലോകത്തിൻെറ ചക്രവാളത്തിൽ ഉദിച്ചുയർന്ന അവതാരങ്ങളുടെ സന്ദേശങ്ങൾ കാലത്തിൻെറ പരിപാകതയിൽ സ്വീകരിക്കപ്പെടുമെന്ന് പ്രത്യാശിക്കാം.